DISPATCHED
On 2/3/23...

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP.1786*(2)/2020/*എസ്.ഐ.സി തീർപ്പ് കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ 14848/എസ്.ഐ.സി-ജി6/2020)**

**സന്നിഹിതൻ**
**ഡോ. കെ. എൽ. വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീമതി. ഷീല വി,
ജിജ്ജു ഭവൻ, ഈരാല്ലംമൂട്,
കള്ളിമൂട്, മണ്ണാംകോണം (പി.ഒ),
തിരുവനന്തപുരം. } ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & SHO
വെള്ളറട പോലീസ് സ്റ്റേഷൻ,
തിരുവനന്തപുരം - 695 125.

2. അപ്പീൽ അധികാരി & ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്,
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,
നെയ്യാറ്റിൻകര,
തിരുവനന്തപുരം - 695 121.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 18/10/2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 13/11/2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 16/11/2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 11/12/2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 21/12/2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 22/12/2020 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പ പ്രകാരം അപ്പീൽ ഹർജിക്കാരിയായ ശ്രീമതി. ഷീല വി 21/12/2020 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 22/12/2020 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP No. 1786(2)/2020/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 18/10/2020-ന് ഹർജിക്കാരി സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്:

1. വെള്ളറട പോലീസ് ക്രൈ നം. 1954/2020-ന്റെ FIR, FIS, കൃത്യസ്ഥല മഹസ്സർ എന്നിവയുടെ പകർപ്പുകളും
2. ടി വെള്ളറട പോലീസ് ക്രൈം 1954/2020-ന്റെ പ്രതി അനന്ദു ജയക്ക് പോലീസ് ജാമ്യം നൽകിയെങ്കിൽ ആയതിന്റെ പകർപ്പും (മുഴുവൻ രേഖകളുടെയും)
3. ടി കേസിലെ പ്രതിയ്ക്ക് കോടതി മുൻകൂർ ജാമ്യം നൽകിയെങ്കിൽ ടി കോടതി ഉത്തരവിന്റെ പകർപ്പും മറ്റുമായി 8 ഇനം വിവരങ്ങൾ ലഭ്യമാക്കണമെന്നാണ്.

മേൽപ്പടി അപേക്ഷയ്ക്ക് 13/11/2020-ന് ഒന്നാം എതിർകക്ഷി മറുപടിയും നൽകിയിട്ടുണ്ട്.

4. 16/11/2020 തീയതി ഹർജിക്കാരി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിക്ക് 11/12/2020-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 29/01/2020 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരി 18/10/2020 തീയതി രേഖപ്പെടുത്തി വെള്ളറട സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് 13/11/2020 തീയതിയിലെ No. 19/RTI Act/2020/F2 പ്രകാരം വെള്ളറട സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മറുപടി ലഭ്യമാക്കിയിരുന്നെന്നും ആയതിന് ആക്ഷേപം ഉന്നയിച്ച് 16/11/2020 തിയതി ടി ഓഫീസിൽ ലഭിച്ച അപ്പീൽ അപേക്ഷകയ്ക്ക് 11/12/2020 തീയതി 145/RTI Act/2020/CSD നമ്പർ ആയി ടി ഓഫീസിൽ നിന്നുള്ള മറുപടി കത്ത് തപാൽ മാർഗ്ഗം അയച്ച് നൽകിയിട്ടുണ്ടെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ 03/11/2022-ന് കമ്മീഷൻ ആസ്ഥാനത്ത് നടന്ന ഹിയറിംഗിൽ ഇരുകക്ഷികളും ഹാജരായിരുന്നില്ല. എസ്.പി.ഐ.ഒ ഹാജരാകാത്തതിനാൽ ടിയാന് 08/12/2022-ന് ഷോകാസ് നൽകുകയും തുടർന്നും ടിയാൻ ഹാജരാകാത്തതിനാൽ സമൻസ് നൽകിയതനുസരിച്ച് 20/12/2022-ന് കമ്മീഷൻ ആസ്ഥാനത്ത് നടന്ന ഹിയറിംഗിൽ നേരിട്ട് ഹാജരാവുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയിട്ടുണ്ടെന്ന് ഹിയറിംഗിൽ ഒന്നാം എതിർ കക്ഷി കമ്മീഷനെ ബോധിപ്പിച്ച സാഹചര്യത്തിൽ ടി ഹർജിയിന്മേൽ തുടർ നടപടികൾ ആവശ്യമില്ലെന്ന് ഉത്തരവാകുന്നു.

7. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2023 ഫെബ്രുവരി 13-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

**(ഒപ്പ്)**
**ഡോ. കെ.എൽ. വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

AV